(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ വാടക കൊടുക്കേണ്ടത് കായംകൊടി പഞ്ചായത്ത് ബോർഡാണോ;

(ഡി) വാടക കൊടുക്കാത്തതുകൊണ്ടാണോ ആശുപത്രി പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറാൻ കെട്ടിടം ഉടമ ശ്രമിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ഡിസ്പെൻസറിക്ക് 25 സെന്റ് സ്ഥലവും നിശ്ചിത മാതൃകയിലുള്ള കെട്ടിടവും സൗജന്യമായി പഞ്ചായത്ത് ലഭ്യമാക്കണമെന്നതാണ് വ്യവസ്ഥ. കെട്ടിടം പണിഞ്ഞുതരാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അതെ.

(ഡി) ഇല്ല.

കോട്ടൂർ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം

1117 [2046] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആയുർവ്വേദാശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും വെള്ളവും വെളിച്ചവും ലഭ്യമാക്കാൻ നടപടികളാകാത്തതുകൊണ്ട് വാടകക്കെട്ടിടത്തിൽനിന്ന് പുതിയ കെട്ടിടത്തിലേയ്ക്ക് മാറാൻ കഴിയുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളവും വെളിച്ചവും പുതിയ കെട്ടിടത്തിൽ ലഭ്യമാക്കാനും അവിടേയ്ക്ക് ആശുപത്രി എത്രയുംവേഗം മാറി സ്ഥാപിക്കാനും അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട്

1118 [2047] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ കേന്ദ്രത്തിനോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly